*"ഭരണഭാഷ-മാതൃഭാഷ"*
*ഇ-മെയിൽ: kwaphsubdnijk@gmail.com* *ഫോൺ: 0480 2825788*

# കേരള ജല അതോറിറ്റി
## പി.എച്ച്.സബ് ഡിവിഷൻ ഇരിങ്ങാലക്കുട

നമ്പർ. D1-167/2022 തീയതി: 16.02.2023

പ്രേഷകൻ
അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പി.എച്ച്.ഡിവിഷൻ,
ഇരിഞ്ഞാലക്കട

സർ

വിഷയം:- JJM 2021-2022 - Thanniam GP - CWSS to KPCTA & WSS to Chazhoor, Thanniam, Anthikkad Pts ( ongoing scheme) - Providing FHTCs and distribution strengthening - കണക്ഷനുകൾ നൽകുന്ന പ്രവർത്തികൾ നിർത്തി വെച്ചിരിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. കരാർ നമ്പർ 16/SE/PHC/TSR/2021-2022 തീയതി 25.03.2022
2. അസിസ്റ്റൻറ് എഞ്ചിനീയർ , പി.എച്ച്.സെക്ഷൻ, ചേർപ്പിൻറെ 13.02.2023 ലെ PHSN /CRP/JJM/THANNIAM നംബർ കത്ത്

താന്ന്യം ഗ്രാമ പഞ്ചായത്തിലെ ജല ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം പ്രവർത്തികൾ ചേർപ്പ് സെക്ഷന് കീഴിലും, രണ്ടാം ഘട്ടം പ്രവർത്തികൾ പ്രോജക്റ്റ് ഡിവിഷൻ,നാട്ടികയുടെ കീഴിലും നടന്നു കൊണ്ടിരിക്കുകയാണ്. 03.02.2023 തീയതിയിൽ പ്രോജക്റ്റ് ഡിവിഷനിൽ ചേർന്ന മീറ്റിങ്ങിൽ, രണ്ടാം ഘട്ട പ്രവർത്തിയിൽ ഉൾപ്പെടുന്ന പുതിയ വിതരണ ശൃംഘല സ്ഥാപിച്ചതിൽ നിന്നും , ഒന്നാം ഘട്ടത്തിലെ കണക്ഷനുകൾ കൊടുക്കുന്നതിനു തടസ്സം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കണക്ഷൻ കൊടുക്കുന്ന പ്രവർത്തികൾ നിർത്തിവച്ചിരിക്കുകയാണെന്നു സൂചന (2) പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ ചാഴൂർ താന്ന്യം അന്തിക്കാട് പഞ്ചായത്തുകളിൽ രണ്ടാം ഘട്ട പ്രവർത്തിയിൽ പുതിയ പൈപ്പ് ലൈൻ പ്രവർത്തികൾ പുരോഗമിക്കുമ്പോളും പഴയ പൈപ്പ് ലൈനിൽ നിലവിലെ കണക്ഷനുകൾ തന്നെ പുതിയതായി സ്ഥാപിക്കുന്ന പൈപ്പ് ലൈനിലേക്ക് ഷിഫ്റ്റ് ചെയ്യേണ്ട സാഹചര്യമാണ് ഉള്ളത്. ടി പഞ്ചായത്തുകളിൽ ഇപ്പോൾ നിലവിലുള്ള വിതരണ ശൃംഘലകൾ വളരെ കാലപഴക്കം ചെന്നതും മാറ്റി സ്ഥാപിക്കേണ്ടതുമാണ്. ടി വിതരണ ശൃംഘല മാറുന്ന പ്രവർത്തി പുതിയ ഡിസൈൻ അനുസരിച്ച് ജെ.ജെ.എം പ്രവർത്തികളിൽ ഉൾപെടുത്തിയിട്ടുള്ളതാണ്. ടി പ്രവർത്തിയാണ് ഇപ്പോൾ പ്രോജക്റ്റ് ഡിവിഷൻ,നാട്ടികയുടെ കീഴിൽ നടന്നു കൊണ്ടിരിക്കുന്നത്. എന്നിരുന്നാലും, കിഫ്ബിയിൽ ഉൾപെടുത്തി പ്രവർത്തി പുരോഗമിച്ചു വരുന്ന ശുദ്ധീകരണ ശാലയുടെ പ്രവർത്തി പൂർത്തീകരിച്ചാൽ മാത്രമേ പുതിയതായി സ്ഥാപിക്കുന്ന വിതരണ ശൃംഘലയിൽ കൂടി ജലവിതരണം സാദ്ധ്യമാകുകയുള്ളൂ. താന്ന്യം പഞ്ചായത്തിൽ ഒന്നാം ഘട്ട പ്രവർത്തിയും രണ്ടാം ഘട്ട പ്രവർത്തിയും ഇപ്പോൾ ഒരേ സമയമാണ് നിർവഹണം

Draft #4 of File D1-167/2022 Approved by Assistant Executive Engineer on 16-Feb-2023 04:19 PM - Page 1

നടക്കുന്നത്. അതുകൂടാതെ താന്ന്യം പഞ്ചായത്തിൽ വെള്ളത്തിന്ടെ ലഭ്യതയുടെ അഭാവത്തിൽ പുതിയതായി കൊടുക്കുന്ന കണക്ഷനുകൾ HTC ആയാണ് നൽകി വരുന്നത്. ഒന്നാം ഘട്ട പ്രവർത്തിയിൽ ഭരണാനുമതി ലഭിച്ച 2350 കണക്ഷനുകളിൽ 1000 കണക്ഷനുകൾ മാത്രമേ നൽകുവാൻ ബാക്കിയുള്ളൂ. ഭാവിയിൽ കണക്ഷൻ ഷിഫ്റ്റിങ്ങിന്റെ ഭാഗമായി അധികമായി വരാനിടയുള്ള അധിക ചെലവ് ഇല്ലാതാക്കേണ്ട സാഹചര്യത്തിൽ കണക്ഷനുകൾ , പ്രൊജക്റ്റ് ഡിവിഷൻ പുതിയതായി സ്ഥാപിക്കുന്ന വിതരണ ശൃംഘലയിൽ നിന്നും നൽകാൻ പറ്റില്ല എന്ന നിലപാടാണ് , ടി മീറ്റിംഗിൽ ഉന്നയിച്ചിട്ടുള്ളത്. ടി കാരണത്താൽ ഇപ്പോൾ താന്ന്യം പഞ്ചായത്തിൽ കണക്ഷൻ നൽകാൻ പറ്റാത്ത സാഹചര്യമാണുള്ളത്.

നിലവിലെ കണക്ഷൻ പുതിയ പൈപ്പിലേക്ക് ഷിഫ്റ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ പിന്നീട് റോഡ് പൊളിച്ച് കണക്ഷൻ ഷിഫ്റ്റ് ചെയ്യുന്നതിന് തടസങ്ങളുണ്ടാകാൻ ഇടയുണ്ട്. ആയതു കണക്കിലെടുത്ത് കണക്ഷൻ പുതിയ പൈപ്പിൽ നിന്നും ഉപഭോക്താക്കളുടെ കോംബൗണ്ടിലേക്ക് കടത്തി നിർത്തുന്ന പ്രവർത്തി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നു അങ്ങയെ അറിയിക്കുന്നു. ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതാണ്.

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,
Smt. Reshma P P
അസിസ്റ്റൻറ് എക്സിക്യൂട്ടീവ്
എഞ്ചിനീയർ

Draft #4 of File D1-167/2022 Approved by Assistant Executive Engineer on 16-Feb-2023 04:19 PM - Page 2

The document is digitally approved. Hence signature is not needed.